**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5750** **16-03-2023 - ൽ മറുപടിയ്ക്ക്**

**മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രം കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ ശിപാർശയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് PMJVK പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൂന്നിയൂർ ഗ്രാമപഞ്ചായത്ത് വഴി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 29-12-2022 ൽ ആണ് പ്രൊപ്പോസൽ ലഭ്യമാക്കിയത്. PMJVK പദ്ധതി പ്രകാരമുള്ള ഈ വർഷത്തെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച് കഴിഞ്ഞതിനാൽ മലപ്പുറം ജില്ലയിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പദ്ധതി പരിഗണിക്കാവുന്നതല്ല എന്ന വിവരം ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കുകയുണ്ടായി.** |
| (ബി) | പി.എം.ജെ.വി.കെ. പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | വിവിധ വകുപ്പുകളിൽ നിന്ന് മുൻഗണനാ ക്രമം നിശ്ചയിച്ച് അതാത് വകുപ്പ് സെക്രട്ടറിമാരുടെ ശുപാർശയോടെ ലഭിക്കുന്ന പ്രോപ്പോസലുകൾ സംസ്ഥാന തല കമ്മിറ്റി അംഗീകരിച്ച് കേന്ദ്രന്യൂന പക്ഷ മന്ത്രാലയത്തിന് സമർപ്പിക്കുന്നു. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം എംപവേർഡ് കമ്മിറ്റി കൂടി അതിൽ അംഗീകരിക്കുന്ന പ്രൊപ്പോസലുകൾക്ക് 60:40 (കേന്ദ്ര - സംസ്ഥാന) എന്ന അനുപാതത്തിൽ ഫണ്ട് അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| (സി) | പ്രസ്തുത പദ്ധതി മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ? | (സി) | പി.എം.ജെ.വി.കെ. പദ്ധതി മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ